പതിമൂന്നാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 22 — 09.03.2015 ൽ മറുപടിക്ക്

## സ്ത്രീ സുരക്ഷയ്ക്കായി നിയമ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വർക്കല കഹാർ<br>,, കെ.അച്ചുതൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, വി.ഡി.സതീശൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സ്ത്രീകളുടെ സുരക്ഷയ്ക്കായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;<br><br>(സി) സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം ശിക്ഷാനടപടികളാണ് പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്യാനുദ്ദേശിക്കുന്നത്;<br><br>(ഡി) ഇത് സംബന്ധിച്ച നിയമനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദാംശം സഹിതം വ്യക്തമാക്കുമോ? | (എ) മുതൽ (ഡി) വരെ<br>ഉണ്ട്. സംസ്ഥാനത്ത് പൊതുവേ സ്ത്രീകൾക്കുനേരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗാർഹികവും സമൂഹത്തിന്റെ മറ്റുതലങ്ങളിൽ നിന്നുമുള്ള അക്രമ പ്രവർത്തനങ്ങളും, സ്വകാര്യതയ്ക്കും അന്തസ്സിനും ഭംഗം വരുത്തുന്ന തരത്തിലുള്ള മറ്റു പെരുമാറ്റങ്ങളും സ്ത്രീകളുടെ സ്വകാര്യതയ്ക്കും അന്തസ്സിനും പ്രത്യേക സംരക്ഷണം നൽകുന്നതിനുള്ള ഒരു നിയമനിർമ്മാണത്തെക്കുറിച്ച് ശക്തമായ ആവശ്യമായതിനാൽ ഇത്തരത്തിൽ ഒരു നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനിക്കുകയും 2013 ലെ കേരള വനിതകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷണ ബിൽ 13-ാം കേരള നിയമസഭയിൽ ബിൽ നം. 183 ആയി പ്രസിദ്ധീകരിക്കുകയും 7-ാം സമ്മേളനത്തിൽ 14.02.2013 ൽ നിയമസഭയിൽ അവതിപ്പിച്ചിട്ടുള്ളതും ബിൽ ഇപ്പോൾ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയിലുമാണ്. |

സെക്ഷൻ ഓഫീസർ